REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 24-01-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **76-ാമത് റിപ്പബ്ലിക് ദിനാഘോഷങ്ങൾക്ക് ഒരുക്കം പൂർത്തിയായി. ദിനാഘോഷത്തിൽ പങ്കെടുക്കുന്ന NCC, NSS വോളണ്ടിയർമാരെ ഇന്ന് പ്രധാനമന്ത്രി കാണും.**
- **വഖഫ് ഭേദഗതി ബില്ലിന്മേൽ സംയുക്ത പാർലമെന്ററി സമിതി യോഗം ഡൽഹിയിൽ ആരംഭിച്ചു.**
- **ഇന്ന് ദേശീയ ബാലികാ ദിനം. പ്രധാനമന്ത്രി നരേന്ദ്രമോദി ആശംസകൾ നേർന്നു.**
- **തലശ്ശേരി ജില്ലാ കോടതി സമുച്ചയം നാളെ രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.**
- **ISL ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ്, ഈസ്റ്റ് ബംഗാളിനെ നേരിടും.**

## വാർത്തകൾ വിശദമായി

76-ാമത് റിപ്പബ്ലിക് ദിനാഘോഷങ്ങൾക്ക് രാജ്യം ഒരുങ്ങി. മറ്റന്നാൾ നടക്കുന്ന റിപ്പബ്ലിക് ദിനാഘോഷങ്ങളിൽ മുഖ്യാതിഥിയായി പങ്കെടുക്കുന്ന ഇന്തോനേഷ്യൻ പ്രസിഡന്റ് പ്രബോവോ സുബിയാന്തോ ഇന്നലെ രാത്രി ന്യൂഡൽഹിയിൽ എത്തി. നാല് ദിവസത്തെ സന്ദർശനത്തിനിടെ ഇന്തോനേഷ്യൻ പ്രസിഡന്റ് രാഷ്ട്രപതി ദ്രൗപതി മുർമു, പ്രധാനമന്ത്രി നരേന്ദ്ര മോദി, വിദേശകാര്യ മന്ത്രി ഡോ.S ജയശങ്കർ എന്നിവരുമായി കൂടിക്കാഴ്ച നടത്തും.

രാഷ്ട്രപതി ഭവനിൽ ആചാരപരമായ സ്വീകരണത്തിലും ഇന്തോനേഷ്യൻ പ്രസിഡന്റ് പങ്കെടുക്കും.

റിപ്പബ്ലിക് ദിനാഘോഷങ്ങളിൽ പങ്കെടുക്കുന്ന NCC കേഡറ്റുകൾ, NSS വോളന്റിയർമാർ, യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം കേഡറ്റുകൾ, ടാബ്ലോ ആർട്ടിസ്റ്റുകൾ, ആദിവാസി അതിഥികൾ തുടങ്ങിയവരുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഔദ്യോഗിക വസതിയിൽ കൂടിക്കാഴ്ച നടത്തും.

✪✪✪

റിപ്പബ്ലിക് ദിനത്തോട് അനുബന്ധിച്ച് രാഷ്ട്രപതി ഭവനിലെ AT HOME പരിപാടിയിലേക്ക് മാഹി ജവഹർ നവോദയ വിദ്യാലയ പ്രിൻസിപ്പൽ ഡോ. KO രത്നാകരന് ക്ഷണം ലഭിച്ചു. ദേശീയ അധ്യാപക ജേതാവ് കൂടിയാണ് അദ്ദേഹം. ഗുജറാത്തിലെ വഡ് നഗറിലെ 'പ്രേരണ'യുടെ സ്ഥാപക ഡയറക്ടറായിരുന്നു കണ്ണൂർ സ്വദേശിയായ KO രത്നാകരൻ.

✪✪✪

ദേശീയ നഗര സഹകരണ ധനകാര്യ വികസന കോർപ്പറേഷന്റെ കോർപ്പറേറ്റ് ഓഫീസ് കേന്ദ്ര സഹകരണ  മന്ത്രി അമിത് ഷാ ഇന്ന് മുംബൈയിൽ ഉദ്ഘാടനം ചെയ്യും.  പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ "ശേഖർ സേ സമൃദ്ധി" കാഴ്ച്ചപ്പാട് അടിസ്ഥാനമാക്കി സഹകരണ മേഖലയിലെ നിരവധി സുപ്രധാന സംരംഭങ്ങൾക്കും ഇന്ന്  തുടക്കമിടും.  അന്താരാഷ്ട്ര സഹകരണ വർഷമായ 2025 ന്റെ പ്രവർത്തനങ്ങളുടെ വാർഷിക കലണ്ടറും അദ്ദേഹം പ്രകാശനം ചെയ്യും.

✪✪✪

വഖഫ് ഭേദഗതി ബില്ലിന്മേൽ സംയുക്ത പാർലമെന്ററി സമിതി യോഗം ഡൽഹിയിൽ ആരംഭിച്ചു. ഇന്നും നാളെയും നിയമത്തിന്റെ വകുപ്പ് തിരിച്ച് ചർച്ച നടത്തും. പാർലമെന്റ് ബജറ്റ് സമ്മേളനത്തിന്റെ അവസാന ദിവസം അന്തിമ റിപ്പോർട്ട് സമർപ്പിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ മാസം  31ന് ആരംഭിക്കുന്ന പാർലമെന്റ് ബജറ്റ് സമ്മേളനം ഏപ്രിൽ നാലിനാണ് സമാപിക്കുന്നത്.

✪✪✪

ഇന്ന് ദേശീയ ബാലികാ ദിനം. പെൺകുട്ടികളുടെ അവകാശങ്ങൾ, വിദ്യാഭ്യാസം, ആരോഗ്യം, സുരക്ഷ എന്നിവയെക്കുറിച്ച് അവബോധം വളർത്തുകയാണ് ദിനാചരണ ലക്ഷ്യം. 'ഉജ്ജ്വലമായ ഭാവിക്കായി പെൺകുട്ടികളെ ശാക്തീകരിക്കുക' എന്നതാണ് ഈ വർഷത്തെ പ്രമേയം.

✪✪✪

ദേശീയ ബാലികാ ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ആശംസകൾ നേർന്നു. പെൺകുട്ടികളുടെ ശാക്തീകരണത്തിന് വിദ്യാഭ്യാസം, സാങ്കേതികവിദ്യ, വൈദഗ്ധ്യം, ആരോഗ്യ സംരക്ഷണം തുടങ്ങിയ മേഖലകളിലാണ് ഗവൺമെന്റ് ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നതെന്ന് മോദി സമൂഹ മാധ്യമ പോസ്റ്റിൽ കുറിച്ചു.

✪✪✪

ബിഹാർ മുൻമുഖ്യമന്ത്രി ഭാരതരത്ന കർപ്പൂരി ഠാക്കൂറിന്റെ ജന്മദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ശ്രദ്ധാഞ്ജലി അർപ്പിച്ചു. ഠാക്കൂർ, ജീവിതം മുഴുവൻ സാമൂഹ്യ നീതിക്കായി സമർപ്പിച്ചെന്നും ഈ ദിശയിൽ നിരവധി ശ്രമങ്ങൾ നടത്തിയെന്നും മോദി സമൂഹമാധ്യമ പോസ്റ്റിൽ കുറിച്ചു.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമുവും പ്രധാനമന്ത്രി നരേന്ദ്ര മോദിയും സംസ്ഥാന സ്ഥാപക ദിനത്തിൽ ഉത്തർപ്രദേശിലെ ജനങ്ങൾക്ക് ആശംസ നേർന്നു. രാജ്യത്തിന്റെ സാമ്പത്തിക, സാമൂഹിക, രാഷ്ട്രീയ, ആത്മീയ വികസനത്തിൽ ഉത്തർപ്രദേശ് പ്രധാന പങ്ക് വഹിക്കുന്നുണ്ടെന്ന് സമൂഹ മാധ്യമ പോസ്റ്റിൽ രാഷ്ട്രപതി പറഞ്ഞു.

✪✪✪

കേന്ദ്ര മന്ത്രി പ്രൾഹാദ് ജോഷി സംസ്ഥാനത്തെത്തി. വൈകിട്ട് തിരുവനന്തപുരത്തെ സ്വകാര്യ ഹോട്ടലിൽ "ഭരണ ഘടന അഭിമാന ദിനം" എന്ന വിഷയത്തിൽ BJP സംഘടിപ്പിക്കുന്ന സെമിനാർ കേന്ദ്രമന്ത്രി ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ BJP സംസ്ഥാന പ്രസിഡന്റ് K സുരേന്ദ്രൻ അധ്യക്ഷത വഹിക്കും.

✪✪✪

കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ഇന്ന് കോഴിക്കോട്ട് വിവിധ ചടങ്ങുകളിൽ സംബന്ധിക്കും. രാജ്യത്തിനായി ജീവൻ ബലിയർപ്പിച്ച ധീരസൈനികരുടെ ഓർമ്മയ്ക്കായി പുത്തഞ്ചേരിയിൽ നിർമിച്ച യുദ്ധസ്മാരക മന്ദിരം അദ്ദേഹം നാടിന് സമർപ്പിക്കും. MT വാസുദേവൻ നായരുടെ വസതിയും സുരേഷ് ഗോപി സന്ദർശിക്കും.

✪✪✪

തലശ്ശേരിയിലെ ജില്ലകോടതി സമുച്ചയം നാളെ രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്ന പത്ത് കോടതികളുടെ പ്രവർത്തനോദ്ഘാടനം കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ് നിതിൻ മധുകർ ജാംദാറും നിർവഹിക്കും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി KO ശശിധരൻ.

........വോയ്സ്.........

222 വർഷം പഴക്കമുള്ള തലശേരി ജില്ലാ കോടതിക്കായി നിർമ്മിച്ച പുതിയ കെട്ടിട സമുച്ചയം കിഫ്ബി ഫണ്ടിൽ നിന്ന് 56 കോടി രൂപ ചെലവഴിച്ചാണ് പണിതത്. നിലവിൽ ജില്ലാ കോടതി വളപ്പിൽ വിവിധ കെട്ടിടങ്ങളിലായി 14 കോടതികൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 10 എണ്ണമാണ് പുതിയ കെട്ടിട സമുച്ഛയത്തിലേക്ക് മാറുക. നിരവധി വിധിന്യാങ്ങളുടെ പകർപ്പുകൾ സൂക്ഷിച്ച വിശാലമായ റെക്കോർഡ്സ് റൂം ജില്ലാ കോടതിയിലുണ്ട്. ആധുനിക സൌകര്യങ്ങളോടെയാണ് 136 മുറികളുള്ള എട്ടുനില കെട്ടിടം സജ്ജമാക്കിയിട്ടുള്ളത്. ചരിത്രപരമായി ഒട്ടേറെ പ്രത്യേകതകൾ നിറഞ്ഞതാണ് തലശ്ശേരി ജില്ലാ കോടതി. മലബാർ മാന്വലിന്റെ രചയിതാവ് വില്യം ലോഗനും സാഹത്യകാരന് ഓ ചന്തുമേനോനും , ഉൾപ്പെടെ പ്രശസ്തരായ നിരവധി പേരുടെ സമ്പന്നമായ ഓർമ്മകൾ നിറഞ്ഞു നിൽക്കുന്നതാണ് തലശ്ശേരി കോടതി. ജില്ലാ രൂപീകരണ വേളയിൽ ഉണ്ടാക്കിയ ഉടമ്പടി പ്രകാരമാണ് റവന്യു ആസ്ഥാനം കണ്ണൂർ നഗരത്തിലും ജുഡീഷ്യൽ ആസ്ഥാനം തലശ്ശേരിയുമായത് . മന്ത്രിമാരും ജനപ്രതിനിധികളും ഹൈക്കോടതിയിലുൾപ്പെടെ മുതിർന്ന ജഡ്ജിമാരും ഉദ്ഘാടന ചടങ്ങിൽ പങ്കെടുക്കും

✪✪✪

തലശ്ശേരി മലബാർ കാൻസർ സെന്റർ PG ഇൻസ്റ്റിറ്റ്യൂട്ട് ആയി വികസിപ്പിക്കുന്നതിന്റെ ഭാഗമായി കിഫ്ബി ധനസഹായത്തോടെ നിർമ്മിച്ച ട്രീറ്റ്മെൻറ് ആൻഡ് അക്കാദമിക് ബ്ലോക്ക് നാളെ രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ നാടിനു സമർപ്പിക്കും. 97 കോടി 55 ലക്ഷം രൂപ ചെലവഴിച്ച് നാല് നിലകളിലായി നിർമ്മിച്ച കെട്ടിട സമുച്ചയത്തിൽ അത്യാധുനിക ചികിത്സാ സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്.

✪✪✪

ഡോ.സുകുമാർ അഴീക്കോടിന്റെ പതിമൂന്നാം ചരമവാർഷികത്തോടനുബന്ധിച്ച് കണ്ണൂർ ചേമ്പർ ഹാളിൽ അഴീക്കോട് സ്മൃതി- അനുസ്മരണ പരിപാടി സംഘടിപ്പിച്ചു. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്തു.

രാവിലെ പയ്യാമ്പലത്തെ അഴീക്കോടിന്റെ സ്മൃതി മണ്ഡപത്തിൽ മന്ത്രിയുടെ നേതൃത്വത്തിൽ പുഷ്പാർച്ചന നടത്തി. അഴീക്കോട് സാംസ്കാരിക കേന്ദ്രത്തിന്റെയും കോട്ടയം ഡോ.സുകുമാർ അഴീക്കോട് ട്രസ്റ്റിന്റെയും നേതൃത്വത്തിൽ ആണ് പരിപാടികൾ നടക്കുന്നത്.

✪✪✪

പാലക്കാട്ട് ബ്രൂവറി അനുവദിക്കാനെടുത്ത ഗവൺമെന്റ് തീരുമാനം ജനങ്ങളെ വെല്ലുവിളിക്കുന്നതാണെന്ന് കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല കോഴിക്കോട്ട് മാധ്യമങ്ങളോട് പറഞ്ഞു. തീരുമാനത്തിൽ നിന്ന് ഗവൺമെന്റ് പിൻതിരിയണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. കോള കമ്പനിയെ കെട്ടുകെട്ടിക്കാൻ സമരം നടത്തിയ ഇടത് പക്ഷമാണ് ഇപ്പോൾ ബ്രൂവറി കൊണ്ടുവരുന്നതെന്നും ഇതിനെതിരെ പ്രതിപക്ഷം പ്രക്ഷോഭവുമായി മുന്നോട്ടു പോകുമെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

അഴിമതിക്കാര്യത്തിൽ ലജ്ജാകരമായ നിലപാടാണ് മുഖ്യമന്ത്രി സ്വീകരിക്കുന്നതെന്ന് BJP സംസ്ഥാന പ്രസിഡന്റ് K സുരേന്ദ്രൻ പറഞ്ഞു. CAG റിപ്പോർട്ട് പുറത്തുവന്നപ്പോൾ കോവിഡ് കാലത്തെ അഴിമതികളെ ന്യായീകരിക്കുന്ന നിലപാടാണ് മുഖ്യമന്ത്രി സ്വീകരിച്ചത്. ബ്രൂവറി വിഷയത്തിൽ കോൺഗ്രസ് നേതൃത്വം അറിഞ്ഞുകൊണ്ടുള്ള തീരുമാനമാണ് ഗവൺമെന്റ് എടുത്തതെന്നും അദ്ദേഹം പറഞ്ഞു. അഴിമതികളെ കുറിച്ച് കേന്ദ്ര ഏജൻസി അന്വേഷിക്കണമെന്നും സുരേന്ദ്രൻ തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ ആവശ്യപ്പെട്ടു.

✪✪✪

കോഴിക്കോട്, മലപ്പുറം ജില്ലകളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷൻമാർ, സെക്രട്ടറിമാർ എന്നിവരുടെയും ജില്ലാതല ഉദ്യോഗസ്ഥരുടെയും അവലോകന യോഗം കോഴിക്കോട് തുടങ്ങി. മന്ത്രി M.B രാജേഷ് യോഗത്തിൽ സംബന്ധിക്കുന്നുണ്ട്

✪✪✪

ഖേലോ ഇന്ത്യയിൽ പങ്കെടുക്കുന്ന എല്ലാ കായികതാരങ്ങൾക്കും പ്രധാനമന്ത്രി നരേന്ദ്ര മോദി ആശംസ നേർന്നു. ഈ ടൂർണമെന്റ് സ്പോർട്സ് സ്പിരിറ്റിന്റെ ആഘോഷമാണെന്നും വരാനിരിക്കുന്ന പ്രതിഭകളെ പ്രോത്സാഹിപ്പിക്കുമെന്നും സാമൂഹിക മാധ്യമ പോസ്റ്റിൽ മോദി പറഞ്ഞു.

✪✪✪

ദേശീയ സ്കൂൾ ബാൻഡ് മത്സരം 6.0 ഗ്രാൻഡ് ഫിനാലെ ഇന്നും നാളെയും ന്യൂഡൽഹിയിലെ മേജർ ധ്യാൻ ചന്ദ് നാഷണൽ സ്റ്റേഡിയത്തിൽ നടത്തും. രാജ്യരക്ഷാ മന്ത്രാലയവുമായി സഹകരിച്ച് വിദ്യാഭ്യാസ മന്ത്രാലയമാണ് ഗ്രാൻഡ് ഫിനാലെ സംഘടിപ്പിക്കുന്നത്. ഈ വർഷം 13 സംസ്ഥാനങ്ങളിൽ നിന്ന് 16

ബാൻഡ് ടീമുകൾ സംസ്ഥാന, സോണൽ തല മത്സരങ്ങളിലൂടെ ഫൈനലിലേക്ക് ഷോർട്ട്ലിസ്റ്റ് ചെയ്തിട്ടുണ്ട്.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ്, ഈസ്റ്റ് ബംഗാളിനെ നേരിടും. വൈകീട്ട് 7.30 ന് കൊൽക്കത്ത സാൾട്ട് ലേക്ക്  സ്റ്റേഡിയത്തിലാണ് മത്സരം.

ഹൈദരാബാദിൽ ഇന്നലെ നടന്ന മത്സരത്തിൽ  ഹൈദരാബാദ് FC, രണ്ടിനെതിരെ മൂന്ന് ഗോളിന് ജംഷഡ്പൂർ FC യെ  തോൽപ്പിച്ചു.

✪✪✪

ഐലീഗ് ഫുട്ബോളിൽ ഗോകുലം കേരള രാത്രി ഏഴിന്  കോഴിക്കോട് കോർപറേഷൻ സ്റ്റേഡിയത്തിൽ  ഇന്റർകാശിയെ നേരിടും. ഗോകുലം പട്ടികയിൽ ഇപ്പോൾ അഞ്ചാം സ്ഥാനത്താണ്. മത്സരം കാണാൻ സ്ത്രീകൾക്ക് ഇന്ന് സ്റ്റേഡിയത്തിൽ സൗജന്യ പ്രവേശനം അനുവദിക്കും.

✪✪✪

പ്രതിപക്ഷനേതാവ് V.D.സതീശൻ നയിക്കുന്ന UDF  മലയോര സമര പ്രചരണ യാത്ര നാളെ കണ്ണൂർ കരുവഞ്ചാലിൽ നിന്ന് ആരംഭിക്കും. AICC ജനറൽ സെക്രട്ടറി K.C  വേണുഗോപാൽ  ഉദ്ഘാടനം ചെയ്യും. 27 ന് ജില്ലയിലെ ആറളത്തും കൊട്ടിയൂരിലും പര്യടനത്തിന് ശേഷം വയനാട്ടിലേക്ക് പോകും.

✪✪✪

വയനാട് പഞ്ചാരക്കൊല്ലിയിൽ കടുവ ആക്രമണത്തിൽ സ്ത്രീ മരിച്ചു. മാനന്തവാടി പ്രിയദർശിനി എസ്റ്റേറ്റിന് സമീപത്തുണ്ടായ ആക്രമണത്തിൽ രാധ എന്ന സ്ത്രീയാണ് മരിച്ചത്.

✪✪✪

വയനാട് DCC ട്രഷറർ NM വിജയന്റെ ആത്മഹത്യയുമായി ബന്ധപ്പെട്ട് ഐ.സി.ബാലകൃഷ്ണൻ MLA യെ ഇന്നും ചോദ്യം ചെയ്യും. സാമ്പത്തിക ഇടപാട് അറിയില്ലെന്നായിരുന്നു ഇന്നലെ ബാലകൃഷ്ണന്റെ മറുപടി.

✪✪✪

എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി സംവരണ പ്രശ്നത്തിൽ നിയമനാംഗീകാരം ലഭിക്കാത്ത 16,000ത്തോളം അധ്യാപകർ ജീവിതപ്രതിസന്ധികൾ കാണിച്ച്  മുഖ്യമന്ത്രിയ്ക്ക് ഇ-മെയിൽ അയച്ചു. അധ്യാപക നിയമന അംഗീകാരം ഉടൻ ലഭ്യമാക്കണമെന്ന് അവർ ആവശ്യപ്പെട്ടു.

✪✪✪

സ്വർണവിലയിൽ വീണ്ടും വർദ്ധന. ഗ്രാമിന് 7,555 രൂപയും പവന് 60,440 രൂപയുമാണ് ഇന്നത്തെ വില.

✪✪✪

കോഴിക്കോട് വെള്ളിപ്പറമ്പ് അഞ്ചാം മൈലിൽ വിൽപ്പനയ്ക്കായി കൊണ്ടുവന്ന കഞ്ചാവുമായി രണ്ടുപേരെ പോലീസ് പിടികൂടി. ഇരുവരും ഒഡീഷ സ്വദേശികളാണ്.  കോഴിക്കോട് സിറ്റി ഡാൻസാഫ് ടീമും മെഡിക്കൽ കോളേജ് പോലീസും ചേർന്നാണ് ഇവരെ  പിടികൂടിയത്.

✪✪✪

പാലക്കാട് ചുള്ളിമടയിൽ വീണ്ടും കാട്ടാന ഇറങ്ങി. റെയിൽ ട്രാക്കിനോട് ചേർന്ന ഒരേക്കറോളം കൃഷിയിടത്തിലെ വിളകൾ ആന നശിപ്പിച്ചു. ഒരാഴ്ച മുമ്പും മേഖലയിൽ കാട്ടാന ഇറങ്ങിയിരുന്നു.

✪✪✪

വിവരാവകാശ നിയമം കൈകാര്യം ചെയ്യുന്ന സംസ്ഥാനത്തെ ഉദ്യാഗസ്ഥർക്ക് നിയോജക മണ്ഡലാടിസ്ഥാനത്തിൽ നിയമം സംബന്ധിച്ച ക്ലാസ് നൽകുമെന്ന് സംസ്ഥാന വിവരാവകാശ കമ്മീഷണർ ഡോ. M. ശ്രീകുമാർ പറഞ്ഞു. കാസർകോട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ തെളിവെടുപ്പിന് ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

✪✪✪

*News Editor :  പി ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ*
*Casual News Reader:  ശരണ്യ രാജൻ*
*DEO : സുബോധ് സി കെ*